**പതിമൂന്നാം കേരള നിയമസഭ**
**നാലാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 1312

20.03.12ൽ മറുപടിയ്ക്ക്

## ചിമ്മിനി ഇക്കോ ടൂറിസം പദ്ധതി

| ചോദ്യം | | ഉത്തരം |
|---|---|---|
| പ്രൊഫ.സി.രവീന്ദ്രനാഥ് | | ശ്രീ.എ.പി.അനിൽകുമാർ (പട്ടികജാതി-പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |
| (എ) പുതുക്കാട് മണ്ഡലത്തിലെ ചിമ്മിനി ഇക്കോ ടൂറിസം പദ്ധതിയുടെ പുരോഗതി വിശദമാക്കാമോ ; | (എ) | പുതുക്കാട് മണ്ഡലത്തിലെ ചിമ്മിനി ഇക്കോടൂറിസം പദ്ധതി രണ്ട് ഘട്ടങ്ങളായാണ് അനുവദിച്ചിട്ടുള്ളത്. ഒന്നാംഘട്ടമായി അനുവദിച്ച 10,00,000/- (പത്തുലക്ഷം) രൂപയുടെ പണികൾ 31.08.2011ന് പൂർത്തീകരിച്ചിട്ടുണ്ട്. രണ്ടാം ഘട്ടമായി അനുവദിച്ച 20,00,000/- (ഇരുപത് ലക്ഷം) രൂപയിൽ 5.88 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. ചില സാങ്കേതിക കാരണങ്ങളാൽ രണ്ടാം ഘട്ട പദ്ധതിയിലെ ഇക്കോ ലോഡ്ജ് നിർമ്മാണം നടത്തുവാൻ കഴിഞ്ഞിട്ടില്ല. |
| (ബി) ചിമ്മിനി ഇക്കോ ടൂറിസം പദ്ധതിയിൽ ഇനി എന്തൊക്കെ പണികളാണ് പൂർത്തീകരിക്കുവാനുള്ളത്;<br>(സി) പദ്ധതിയുടെ പണി എന്നത്തേക്ക് പൂർത്തീകരിക്കാനാകുമെന്ന് വ്യക്തമാക്കുമോ ? | (ബി യും സി യും) | പുതുക്കിയ പ്രവർത്തന പദ്ധതിയിൽ ഏറുമാട നിർമ്മാണം, ടോയ്ലറ്റ് ബ്ളോക്കുകൾ, ഇന്റെർപ്രെട്ടേഷൻ സെന്ററിന്റെ സജ്ജീകരണം, റെസ്റ്റിങ്ങ് പോയിന്റ് നിർമ്മാണം, കമ്പ്യൂട്ടറൈസ്ഡ് ടിക്കറ്റിങ്ങ് കൗണ്ടർ മുതലായവ ഉൾപ്പെടുത്തുവാനാണ് ഉദ്ദേശിക്കുന്നത്. പ്രസ്തുത പദ്ധതി നിർദ്ദേശം ലഭിക്കുന്ന മുറക്ക് അംഗീകാരം നൽകുന്ന കാര്യം പരിഗണിക്കുന്നതാണ് |

സെക്ഷൻ ഓഫീസർ